**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1834** **04-02-2026 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം നടപ്പിലാക്കിക്കൊണ്ടിരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ പദ്ധതി പ്രകാരവും എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കാമോ? | (ബി) | ഓരോ പദ്ധതി പ്രകാരവും എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നുമുള്ള വിശദാംശങ്ങൾ **അനുബന്ധം-II** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## **<u>അനുബന്ധം I</u>**

സംസ്ഥാനത്ത് അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളായ വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മാരക രോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്ക് ആശ്വാസം പകരുന്ന വിവിധ പദ്ധതികൾ സംസ്ഥാനടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**<u>1. ആശ്വാസകിരണം പദ്ധതി :</u>** ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. 2010 ലാണ് പദ്ധതി ആരംഭിച്ചത്. തുടക്കത്തിൽ 250/- രൂപയായിരുന്നു നൽകിയിരുന്നത്. നിലവിൽ 600/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

**<u>2.സ്നേഹസ്പർശം പദ്ധതി</u>** : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിയ്ക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം പദ്ധതി. നിലവിൽ 2000/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

**<u>3. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ</u>**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(എ).ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിന്റേയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാകളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിൽസ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസാന്ത്വനം പദ്ധതി.

(ബി). കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി. നിലവിൽ 700/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

(സി). എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെയുള്ള ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(ഡി). കാസർഗോഡ് ജില്ലയിലെ പെരിയ, കാറഡുക്ക,മുളിയാർ, കയ്യൂർ ചീമേനി, ബെള്ളൂർ,കുമ്പഡാജെ എന്നീ 6 ബഡ്സ് സ്കൂളുകളെ മാതൃക ശിശു വികസന കേന്ദ്രങ്ങളാക്കി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ആവശ്യമായ ഫർണിച്ചറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള, എൻമകജെ, പനത്തടി, ബദിയടുക്ക, കല്ലാർ എന്നീ പഞ്ചായത്തുകളിലെ 4 ബഡ്സ് സ്കൂളുകൾ കൂടി ഏറ്റെടുത്ത് സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നും മറ്റ് തെറാപ്പി ഉപകരണങ്ങൾ നിപ്മറിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ 10 MCRC കളിൽ Solar Plant സ്ഥാപിക്കുന്നതിന് ANERT മായി ചേർന്ന് കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**4. വയോമിത്രം പദ്ധതി :** സംസ്ഥാനത്തെ മുനിസിപ്പൽ/കോർപ്പറേഷനുകൾ/ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ ആരോഗ്യ പരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന വയോമിത്രം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്നു. നിലവിൽ 95 യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ടി പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വയോജനങ്ങൾക്ക് ഹെൽപ് ഡെസ്ക് സേവനം, വയോജനങ്ങൾക്കുള്ള കൗൺസിലിങ്, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ പരിശോധന മരുന്ന് വിതരണം, പാലിയേറ്റീവ് കെയർ, വാതിൽപ്പടി സേവനം, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ എന്നിവ നൽകി വരുന്നു. ഇതിന് പുറമെ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം പ്രദാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരൻമാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു.

**5. സ്നേഹപൂർവ്വം പദ്ധതി :** മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ്

പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്.ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും പ്രതിമാസം 300/– രൂപ വീതവും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/– രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിലും ഐ.ടി.ഐ, പോളിടെക്നിക് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/– രൂപ വീതവും ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1000/– രൂപ വീതവുമാണ് ധനസഹായം അനുവദിക്കുന്നത്. ഒരു അദ്ധ്യയന വർഷം പരമാവധി പത്ത് മാസത്തെ ധനസഹായമാണ് അനുവദിക്കുന്നത്.

**6.സമാശ്വാസം പദ്ധതി** : വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1100/– രൂപ വീതവും വൃക്ക, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/– രൂപ വീതവും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/– രൂപ വീതവും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/– രൂപ വീതവും അനുവദിച്ച വരുന്നു.

**7. വി കെയർ പദ്ധതി** :

സഹായമർഹിക്കുന്ന ദുർബല ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കരുതലും സുരക്ഷയും നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച ജീവകാരുണ്യ പദ്ധതിയാണ് വി കെയർ. ഭാരിച്ച ചികിത്സാ ചെലവുകൾക്കും സങ്കീർണ്ണമായ രോഗമുള്ളവർക്കും ആശ്വാസമെത്തിക്കാനാണ് വി കെയർ എന്ന പദ്ധതി. ജീവൻരക്ഷാ ചികിത്സകൾക്കും ശസ്ത്രക്രിയയ്ക്കും അതോടനുബന്ധിച്ചുള്ള ആശുപ്രതി ചികിത്സാ ചെലവിനും നിബന്ധനകൾക്കു വിധേയമായും മാനദണ്ഡങ്ങളനുസരിച്ചും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, സി.എസ്സ്.ആർ ഫണ്ട് എന്നിവയിൽ നിന്നും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള നിക്ഷേപ സമാഹരണം നടത്തുകയും ഇത്തരത്തിൽ സമാഹരിക്കുന്ന തുക ഉപയോഗിച്ച് ജീവ കാരുണ്യ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് വി കെയർ പദ്ധതിയുടെ ലക്ഷ്യം.

**8.വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി** : സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾ

ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. കൂടാതെ ദേശീയ തലത്തിൽ വൈകല്യമുള്ള വ്യക്തികളുടെ സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കുന്നതിനും, ഇവർക്ക് ദേശീയ തലത്തിൽ ഏകീകൃത രൂപത്തിലുള്ള തിരിച്ചറിയൽ കാർഡുകൾ (UDID-Unique ID for Persons with Disabilities) നൽകുന്നതിനുമുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ Ministry of Social Justice & Empowerment, Department of Empowerment of Persons with Disabilities രൂപം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ Software ഉം ദേശീയ തലത്തിൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന 13 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു.

**9. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി):**

Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് മിഠായി പദ്ധതി. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീനലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെൻററുകളിൽ ഒരു എം.എസ്.സി നഴ്സിന്റേയും ഡയറ്റീഷ്യന്റേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. മിഠായി ക്ലിനിക് ഇല്ലാതിരുന്ന ജില്ലകളിൽ സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം 2022 ഏപ്രിൽ മുതൽ ആരംഭിച്ചു. ഇൻസുലിൻ മരുന്ന്, രക്തത്തിലെ ഗ്ലൂക്കോസ് മോണിറ്റർ ചെയ്യുവാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ സാറ്റലൈറ്റ് സെന്റർ മുഖേന നൽകി വരുന്നു.

**10.ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്** : സംസ്ഥാന ജനസംഖ്യയുടെ 12.6 ശതമാനം 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവരാണ്. പ്രായമേറും തോറും വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളും മാനസിക പ്രയാസങ്ങളും പ്രശ്നങ്ങളും വന്നുചേരുന്നു. ഇപ്രകാരമുള്ള പ്രയാസങ്ങളിൽ ഏറെ പ്രാധാന്യമുള്ളതും ഗൗരവമായ വ്യക്തിഗത സാമൂഹ്യ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതുമായ ഒരു അവസ്ഥയാണ് മേധാക്ഷയം അഥവാ ഓർമ്മക്കുറവ്. ഇത് പ്രായത്തിന്റെ സ്വാഭാവിക പരിണാമം എന്ന രീതിയിൽ ഡോക്ടർമാരെ കാണുകയോ പ്രതിവിധികൾ തേടുകയോ ചെയ്യാറില്ല. ഡിമെൻഷ്യ ഉൾപ്പെടെയുള്ള പല ബുദ്ധിമുട്ടുകളും പ്രധാനമായും പ്രായം മൂലമാണ് ഉണ്ടാകുന്നത് എങ്കിൽപോലും ഇവ നേരത്തെ കണ്ടുപിടിക്കുകയും അനുയോജ്യമായ ഇടപെടലുകളും ഔഷധങ്ങളും നൽകുന്നതിലൂടെ ഇത്തരം അവസ്ഥയുടെ വളർച്ച കുറയ്ക്കാനും ഓർമ്മക്കുറവുമൂലം ഉണ്ടാകുന്ന പെരുമാറ്റ മാറ്റങ്ങളുടെ തീവ്രത കുറയ്ക്കാനും കഴിയുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഡിമൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ

സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ***ഡിമൻഷ്യ സൗഹൃദ കേരളം*** എന്ന ഒരു നൂതന പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പ് ഈ വർഷം തുടക്കം കുറിക്കുകയും ചെയ്തിരിക്കുകയാണ്. '**ഓർമ്മത്തോണി**' എന്ന പേര് നൽകിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടമായി വയോമിത്രം ഗുണഭോക്താക്കൾക്കിടയിൽ സ്ക്രീനിംഗ് നടത്തുന്നതിനു വേണ്ട നടപടികൾ മിഷൻ സ്വീകരിക്കുന്നു. ഇതിന്റെ ഭാഗമായി വയോമിത്രം ജീവനക്കാർക്ക് 8 ഘട്ടമായി വേണ്ട ട്രെയിനിംഗ് നൽകുകയും, IEC പ്രവർത്തനങ്ങളുടെ ഭാഗമായി ബുക്ക്ലെറ്റ് പ്രിന്റ് ചെയ്തു വിതരണം ചെയ്തിട്ടുണ്ട്.

## അനുബന്ധം-II

ഓരോ പദ്ധതി പ്രകാരവും എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നുമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

**1. ആശ്വാസകിരണം പദ്ധതി :**

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021 – 2022 | 4000 ലക്ഷം | 96086 |
| 2022 – 2023 | 2421.09 ലക്ഷം | 38104 |
| 2023 – 2024 | 1499.96 ലക്ഷം | 19229 |
| 2024 - 2025 | 3763.99 ലക്ഷം | 28411 |
| 2025 - 2026 | 1611 ലക്ഷം | 24591 |
| **ആകെ** | **13296.04 ലക്ഷം** | |

**2. സ്നേഹസ്പർശം പദ്ധതി** :

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021 – 2022 | 200 ലക്ഷം | 1483 |
| 2022 – 2023 | 200 ലക്ഷം | 538 |
| 2023 – 2024 | 148.92 ലക്ഷം | 567 |
| 2024 - 2025 | 120 ലക്ഷം | 588 |
| 2025 - 2026 | 78.54 ലക്ഷം | 342 |
| **ആകെ** | **747.46 ലക്ഷം** | |

**3. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ**

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021 – 2022 | 1307.65 ലക്ഷം | 6941 |
| 2022 – 2023 | 1240.96 ലക്ഷം | സ്നേഹസാന്ത്വനം– 5376<br>സ്പെഷ്യൽ ആശ്വാസകിരണം– 804<br>വിദ്യാഭ്യാസ ധനസഹായം – 684 |
| 2023 – 2024 | 1287.31 ലക്ഷം | സ്നേഹസാന്ത്വനം – 5304<br>സ്പെഷ്യൽ ആശ്വാസകിരണം – 776<br>വിദ്യാഭ്യാസ ധനസഹായം – 440 |
| 2024 – 2025 | 2003.38 ലക്ഷം | സ്നേഹസാന്ത്വനം – 5250<br>സ്പെഷ്യൽ ആശ്വാസകിരണം – 771<br>വിദ്യാഭ്യാസ ധനസഹായം – 356 |
| 2025 – 2026 | 834.58 | സ്നേഹസാന്ത്വനം– 5215<br>സ്പെഷ്യൽ ആശ്വാസകിരണം – 771<br>വിദ്യാഭ്യാസ ധനസഹായം–NIL<br>(അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്) |
| **ആകെ** | **6673.88 ലക്ഷം** | |

**4. വയോമിത്രം പദ്ധതി :**

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021–2022 | 4707.25 ലക്ഷം | 278623 |
| 2022–2023 | 2364.92 ലക്ഷം | 289030 |
| 2023–2024 | 1975.55 ലക്ഷം | 290030 |

| | | |
|---|---|---|
| 2024-2025 | 1727.67 ലക്ഷം | 290590 |
| 2025-2026 | 1005.53 ലക്ഷം | 290590 |
| **ആകെ** | **11780.92 ലക്ഷം** | |

**<u>5. സ്നേഹപൂർവ്വം</u> <u>പദ്ധതി :</u>**

| സാമ്പത്തിക വർഷം | ചെലവായ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-2022 | 4510.29 ലക്ഷം | 70881 |
| 2022-2023 | 1104.99 ലക്ഷം | 21742 |
| 2023-2024 | 1700 ലക്ഷം | 57187 |
| 2024-2025 | 1291 ലക്ഷം | 44018 |
| 2025-2026 | 1227.2 ലക്ഷം | 38891 |
| **ആകെ** | **9833.48 ലക്ഷം** | |

**<u>6. സമാശ്വാസം</u> <u>പദ്ധതി</u>** :.

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021 - 2022 | 499.40 ലക്ഷം | 2662 |
| 2022 - 2023 | 389.99 ലക്ഷം | 2977 |
| 2023 - 2024 | 459.6 ലക്ഷം | 3293<br>(I-1788, II-312, III-1012 & IV-181) |
| 2024 - 2025 | 280 ലക്ഷം | 2276<br>(I-717, II-326, III-1050 & IV-183) |
| 2025 - 2026 | 203.61 ലക്ഷം | 1825<br>(I-593, II-131, III-928 & IV-173) |

| | | |
|---|---|---|
| **ആകെ** | **1832.60 ലക്ഷം** | |

**7. വി കെയർ പദ്ധതി** :

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2021 – 2022 | 25.10 ലക്ഷം |
| 2022 – 2023 | 16.84 ലക്ഷം |
| 2023 – 2024 | 12.41 ലക്ഷം |
| 2024 – 2025 | 27.84 ലക്ഷം |
| 2025 – 2026 | 16.64 ലക്ഷം |
| **ആകെ** | **98.83 ലക്ഷം** |

വികെയർ പദ്ധതി പ്രകാരം സ്വരൂപിച്ച ഫണ്ട് വിനിയോഗിച്ച് ആനുകൂല്യം ലഭ്യമാക്കിയ വകയിൽ ചെലവഴിച്ച തുകയും ചുവടെ ചേർത്തിട്ടുണ്ട്.

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021 – 2022 | 663.66 ലക്ഷം | 291 |
| 2022 – 2023 | 279.75 ലക്ഷം | 100 |
| 2023 – 2024 | 210.92 ലക്ഷം | 65 |
| 2024 – 2025 | 246.02 ലക്ഷം | 73 |
| 2025 – 2026 | 160.98 ലക്ഷം | 75 |
| **ആകെ** | **1561.33 ലക്ഷം** | 604 |

**8.വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി** :

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | വിതരണം ചെയ്ത എണ്ണം |
|---|---|---|
| 2021 – 2022 | 18.04 ലക്ഷം | 26325 |
| 2022 – 2023 | 46.30 ലക്ഷം | 91511 |

| | | |
|---|---|---|
| 2023 – 2024 | 37.32 ലക്ഷം | 77254 |
| 2024 - 2025 | 77.44 ലക്ഷം | 53867 |
| 2025 - 2026 | 3.59 ലക്ഷം | 22699 |
| **ആകെ** | **182.69 ലക്ഷം** | |

**9. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി):**

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021 – 2022 | 205.42 ലക്ഷം | 1233 |
| 2022 – 2023 | 378.01 ലക്ഷം | 1469 |
| 2023 – 2024 | 247 ലക്ഷം | 1626 |
| 2024 - 2025 | 377.86 ലക്ഷം | 1906 |
| 2025 - 2026 | 56 ലക്ഷം | 2057 |
| **ആകെ** | **1264.29 ലക്ഷം** | |

**10. ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക് :**

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2023 – 2024 | 12.39 ലക്ഷം | 0 |
| 2024 - 2025 | 17.67 ലക്ഷം | 238 |
| 2025 - 2026 | NIL | 24221 |
| **ആകെ** | **30.06 ലക്ഷം** | |